അനാഥാലയങ്ങളിലെ കുട്ടികൾക്ക് തൊഴിൽ പരിശീലനം

48 (1391)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലന കോഴ്സുകളിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ സാമ്പത്തിക സഹായ പദ്ധതിക്ക് ഗവൺമെന്റ് തയ്യാറാകുമോ;

(ബി) ഇതനുസരിച്ചുള്ള സഹായം അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുമോ?

ഉത്തരം

(എ)&(ബി) ഈ കാര്യം പരിശോധിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടെ വനിതാ-ശിശുക്ഷേമ പദ്ധതി

49 (1392)ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ വനിതാ-ശിശുക്ഷേമ പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്ത് ലോകബാങ്കിന്റെ സഹായത്തോടെ 43 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ് പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ 20 പ്രോജക്ടുകൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കി 23 പ്രോജക്ടുകൾ 2000-2001 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ അംഗൻവാടികൾ

50 (1393)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അംഗൻവാടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ എവിടെയെല്ലാമാണ് ആരംഭിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര ടീച്ചർമാരേയും ഹെൽപ്പർമാരേയുമാണ് പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ തസ്തികകൾ എപ്പോൾ മുതൽ നിലവിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ 1999-2000 വർഷം 780 അംഗൻവാടി കേന്ദ്രങ്ങളും 2000-2001 വർഷത്തിൽ 526 അംഗൻവാടി കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly